## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1983 10.10.2011 -ൽ മറുപടിക്ക്

### പകർച്ചാവ്യാധികളും മരുന്നും

| ചോദ്യം<br>ശ്രീ. സാജുപോൾ. | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യപ്പെട്ട കോളറയടക്കം നിരവധി പകർച്ചവ്യാധികൾ വ്യാപകമാവുന്നതും നിരവധി പേർ മരണമടയുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളറ നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗമല്ല. സംസ്ഥാനത്ത് ഒരു സ്ഥിരീകരിച്ച മരണവും 5 സംശയാസ്പദമായ കോളറ മരണവും ഉണ്ടായിട്ടുണ്ട്. |
| (ബി) | മഴക്കാലം തുടങ്ങുന്നതിന് മുമ്പ് നടത്തേണ്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം ചെയ്യാത്തത് പകർച്ചാ വ്യാധികൾ പടരുന്നതിന് കാരണമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുളള ഒരു പരാതിയും ലഭിച്ചിട്ടില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങൾ എല്ലാം തന്നെ തുടർ പ്രവർത്തനങ്ങളാണ്. ആകയാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എല്ലാ കൊല്ലവും അതത് സമയങ്ങളിൽ നടത്തിക്കൊണ്ടേയിരിക്കുന്നു. |
| (സി) | പകർച്ചാവ്യാധികൾ പിടിപ്പെട്ട് ഗുരുതരാവസ്ഥയിൽ കഴിയുന്ന വർക്ക് പോലും ആവശ്യാനുസരണം മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. പകർച്ചവ്യാധികൾ തടയുന്നതിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്ത മാക്കാമോ? | (ഡി) | പകർച്ചവ്യാധി റിപ്പോർട്ട് ചെയ്ത എല്ലാ ജില്ലകളിലും ആവശ്യാനുസരണം മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തി. എലിപ്പനി റിപ്പോർട്ട് ചെയ്ത ജില്ലകളിൽ രോഗ പ്രതിരോധത്തിനുള്ള "ഡോക്സി സൈക്ളിൻ" ഗുളിക എല്ലാ ആശുപത്രികളിലും ലഭ്യമാക്കി. എലിപ്പനി രോഗ നിർണ്ണയത്തിനുള്ള "എലിസ" രോഗ നിർണ്ണയ കിറ്റുകൾ ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും, കാർഡ് ടെസ്റ്റുകൾ പ്രധാനപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്ര ങ്ങളിലും ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ